**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 775** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കുമായി എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമ സഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമെന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി.<br><br>**കേരള ബാങ്ക്**<br><br>കാർഷിക വായ്പയുടെ പലിശ നിരക്ക് 1% കുറച്ചു. PACS as MSC /AIF പദ്ധതി പ്രകാരം 203 പ്രോജക്ടുകളിലായി 436 കോടി രൂപയുടെ വായ്പ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അനുവദിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി KB സമഗ്ര എന്ന പേരിൽ വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സമൂഹത്തിലെ അടിസ്ഥാന വർഗ്ഗത്തിന്റെ ഉന്നമനം ലക്ഷ്യം വെച്ച് ചെറുകിട സംരംഭകർക്കായുള്ള JLG, SHG, NHG, MicroFood Processing, MSME സ്കീമുകൾക്ക് വിവിധ വായ്പാ പരിധികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സഹകരണ സംഘങ്ങൾ അനുവദിക്കുന്ന മുറ്റത്തെമുല്ല വായ്പയ്ക്ക് കേരള ബാങ്ക് പുനർവായ്പാ നൽകിവരുന്നു. ഹ്രസ്വകാല കാർഷിക വായ്പകളോടൊപ്പം തന്നെ മധ്യകാല ദീർഘകാല കാർഷിക വായ്പകളും അനുവദിച്ചു വരുന്നു. സംസ്ഥനത്തെ ക്ഷീരകർഷകരുടെ ഉന്നമനത്തിനായി KB ക്ഷീര മിത്ര എന്ന വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വനിതാ സഹകരണ സംഘങ്ങൾ മുഖേന വനിതകൾക്കായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

**പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ പൊതു സോഫ്റ്റ്‌വെയർ**

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് നടപടികൾ പൂർത്തീകരിക്കുന്നതാണ്. വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**Co-operative Audit Monitoring & Information System (CAMIS)**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**യുവജന സഹകരണ സംഘങ്ങൾ**

- സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ സഹകരണ സംഘങ്ങൾ ആരംഭിക്കുമെന്ന സർക്കാരിന്റെ നയപ്രഖ്യാപനത്തിലെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- ഐടി മേഖലയിലുള്ളവർ, സിനിമ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീതം, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീട്ടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റീസൈക്ലിങ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ നൂതന സംരംഭക ആശയങ്ങളാണ് യുവ സഹകരണ സംഘങ്ങളിലൂടെ കൂടുതൽ പരിഗണിക്കപ്പെട്ടിട്ടുള്ളത്.
- യുവജന സഹകരണ സംഘങ്ങൾ നിലവിൽ വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. നല്ലമീൻ - ഡോർ സ്റ്റെപ്പ് പദ്ധതി, ഗ്രീൻ പ്രോജക്ട്, ഐ.റ്റി സോഫ്റ്റ്‌വെയർ, ഡോർ സ്റ്റെപ്പ് സർവ്വീസസ്, ഈവന്റ് മാനേജ്മെന്റ്, കാറ്ററിംഗ് പ്രവർത്തികൾ, ഡോക്യുമെന്റേഷൻ, ഷോർട്ട് ഫിലിം, പരസ്യങ്ങളുടെ നിർമ്മാണം, അഭിമുഖങ്ങൾ തുടങ്ങിയവ, അഗ്രോ മാർക്കറ്റിങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സ്ക്രാപ്പ് ബിസിനസ്സ്, ടൂറിസം പ്രവർത്തനങ്ങൾ, ടൂറിസം പാക്കേജ് പ്രവൃത്തികൾ, 'ഒപ്പം' എന്ന ബ്രാൻഡിൽ പൊടി ഐറ്റംസ്, നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യൽ, ഫുഡ് പ്രോസസിംഗ് യൂണിറ്റ്, ഓൺലൈൻ സേവന കേന്ദ്രങ്ങൾ, മൺപാത്ര നിർമ്മാണ വിതരണ യൂണിറ്റ്, വിവിധതരം പച്ചക്കറികളുടെ ഉത്പ്പാദനം, വിതരണം, മോണിംഗ് ഫോറം രൂപീകരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിതരണം, ലേബർ ബാങ്ക് പ്രവർത്തനങ്ങൾ, സുഭിക്ഷ ഹോട്ടൽ തുടങ്ങിയവ ആരംഭിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ടൂറിസം സ്കൂൾ, കോപ്പറേറ്റീവ് കോളേജ്, മൈക്രോ സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനുള്ള പദ്ധതികളും ആലോചിച്ചു വരുന്നു.
- കോട്ടയം ജില്ലയിലെ വെളിയന്നൂർ ആസ്ഥാനമാക്കി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന സഹകരണ സംഘമായ ഈനാട്

യുവജന സഹകരണ സംഘം കെ.1233 "ശുചിത്വം സഹകരണം" എന്ന പേരിൽ സംസ്ഥാനതല പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശുചിത്വമിഷന്റെ സർവ്വീസ് പ്രൊവൈഡറാക്കുന്ന ആദ്യ സഹകരണ സംഘമാണ് ഈനാട് യുവജന സഹകരണസംഘം. ശുചിത്വത്തിന്റെ പ്രാധാന്യം കുട്ടികളിലൂടെ സമൂഹത്തിൽ മാറ്റം ഉണ്ടാകുന്നതിന് അംഗൻവാടികളിലും, എൽ.പി സ്കൂളുകളിൽ നിന്നും ഡ്രൈവേസ്റ്റ് ശേഖരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി കേരളത്തിലെ മുഴുവൻ ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

- തിരുവനന്തപുരം ജില്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന വട്ടിയൂർകാവ് യൂത്ത് ബ്രിഗേഡ് സഹകരണ സംഘം ബി ക്ലാസ്സ് ഓഹരി സമാഹരിക്കുന്നതിനുള്ള ബഹു.സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിനായി അപേക്ഷ സമർപ്പിക്കുകയും സർക്കുലർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
- യുവജന സഹകരണ സംഘങ്ങൾക്കായി സഹകരണ തത്വങ്ങൾ, അക്കൗണ്ടിംഗ്, സംരംഭകത്വം എന്നീ വിഷയങ്ങൾ സംബന്ധിച്ച് 3 ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടി തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് മുഖേന സംഘടിപ്പിച്ചിരുന്നു.
- ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനത്തിനുള്ള മൂലധനം ഗവൺമെന്റ് ഓഹരിയായും സബ്സിഡിയായും അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ അനുവദിക്കുകയും ആയത് സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**<u>സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി</u>**

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന

പരിചരണം സഹകരണ മേഖയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ വരുന്നു.

**<u>കലാകാരൻമാരുടെ സഹകരണസംഘം</u>**

കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരൻമാരുടെ സഹകരണസംഘം 15.02.2022-ന് രജിസ്റ്റർ ചെയ്യുകയുണ്ടായി. 25.03.2022-ൽ ആദ്യ പൊതുയോഗം കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക, അംഗങ്ങളുടെ ഇടയിൽ കലാസാംസ്കാരിക കൂട്ടായ്മ വളർത്തിയെടുക്കുക, കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, അംഗങ്ങളുടെ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിന് വേദിയൊരുക്കുകയും അതിനായി പ്രദർശനങ്ങളും ക്ലാസുകളും സെമിനാറുകളും ചർച്ചാപരിപാടികളും ഒരുക്കുകയും ചെയ്യുക, എല്ലാ നാടൻ കലകളും അനുഷ്ഠാനങ്ങളും പാരമ്പര്യ കലകളും ഉൾപ്പെടുന്ന പൈതൃക കലാസംസ്കാരത്തെ പരിപോഷിപ്പിക്കുക, അംഗങ്ങളായ കലാകാരൻമാരെ ആദരിക്കുക, അവാർഡുകൾ നൽകുക, മറ്റു സംസ്ഥാനങ്ങളിലും വിദേശങ്ങളിലും കലാപരിപാടികൾ നടത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുക, മൺമറഞ്ഞ കലാകാരൻമാരുടെ പ്രവർത്തനങ്ങളെ അനുസ്മരിക്കുക അതിനായി പ്രത്യേക സെമിനാറുകളോ അനുസ്മരണദിന പരിപാടികളോ നടത്തുക തുടങ്ങിയവ സംഘത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങളാണ്.

**<u>കേരള സ്റ്റേറ്റ് ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫയർ</u>**

**<u>ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നം. 4511</u>**

സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറ് ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിന്റെ ഗിഗ്/ ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരളസ്റ്റേറ്റ് ഷോപ്സ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511ന്റെ നിയമാവലിയിൽ ഭേദഗതി വരുത്തി കൊണ്ട് ഗിഗ്/ ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരെ അംഗങ്ങളാക്കി കേരള സ്റ്റേറ്റ് ഷോപ്സ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം (ShopCosFed) എന്ന പേരിൽ തിരുവനന്തപുരം ആസ്ഥാനമാക്കി കേരളത്തിലെ എല്ലാ ജില്ലകളും പ്രവർത്തന പരിധിയായി നിശ്ചയിച്ചുകൊണ്ടുള്ള നിയമാവലി ഭേദഗതി സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി.

**<u>ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ഹൈജീനിക് കോഫീ ഷോപ്പ്</u>**

- കേരള സംസ്ഥാന ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) ടൂറിസം ഹോസ്പിറ്റാലിറ്റി ഇവന്റ് മാനേജ്മെന്റ് മേഖലയിൽ നൂതനമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്ന സ്ഥാപനമാണ്.
- ടി സ്ഥാപനം സർക്കാരിന്റെ 100ദിന കർമ്മ പദ്ധതി പ്രകാരം സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ, സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ 3 ഹൈജീനിക് കോഫി ഷോപ്പുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.
- ആയതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന് കീഴിലുള്ള എറണാകുളം ജോയിന്റ് ഡയറക്ടറുടെ ഓഫീസ് സ്ഥിതി ചെയ്യുന്ന ബോട്ട് ജെട്ടി കോംപ്ലക്സിൽ ടൂർഫെഡിന്റെ ടൂറിസം ഹോസ്പിറ്റാലിറ്റി സേവനങ്ങളുടെ ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് കോഫീ ഷോപ്പ് ആരംഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.
- കൊല്ലം അഴീക്കൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് കോഫീഷോപ്പ് നടത്തുന്നതിന് സ്ഥലം ഏറ്റെടുക്കുകയും കോഫീ ഷോപ്പിന്റെ പണികൾ പൂർത്തീകരിച്ച്

കൊല്ലം അഴീക്കൽ ബീച്ചിലെ കോഫീ ഷോപ്പിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

**<u>കേരള സ്റ്റേറ്റ് ഐ.റ്റി പ്രൊഫഷണൽസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4515</u>**

ഐ.റ്റി, ഐ.റ്റി അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരെ ഉൾപ്പെടുത്തി ഒരു സഹകരണ സംഘം രൂപീകരിക്കുന്നത് വഴി വിവിധ ഐ.റ്റി, ഐ.റ്റി അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് തുടങ്ങിയവരുടെ നൂതന സംരംഭ ആശയങ്ങൾ നടപ്പിലാക്കി തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി സാമൂഹിക സാമ്പത്തിക സാംസ്കാരിക ഉന്നമനത്തിനും, സമൂഹത്തിന്റെ ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്നതിനും, സഹകരണ മനോഭാവം വളർത്തുന്നതിനും, സഹകരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പരമാവധി പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സഹായകരമാകുന്നതാണെന്ന് മനസ്സിലാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഐ.റ്റി പ്രൊഫഷണൽസ് സഹകരണ സംഘം രൂപികരിക്കുകയുണ്ടായി.

**<u>ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി പദ്ധതി</u>**

സർക്കാരിന്റെ മൂന്നാം ഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും, സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിക്കുകയുണ്ടായി.

**<u>അക്ഷര ഭാഷ സാഹിത്യ മ്യൂസിയം</u>**

സാഹിത്യകാരൻമാർക്കുവേണ്ടി സാഹിത്യകാരൻമാർ അംഗങ്ങളായി രൂപീകരിച്ച സഹകരണസംഘമാണ് സാഹിത്യപ്രവർത്തക സഹകരണസംഘം ക്ലിപ്തം നമ്പർ 2458. സാഹിത്യകാരൻമാരുടെ ഏഷ്യയിലെ തന്നെ ആദ്യത്തെ സഹകരണ സംഘമാണിത്. കോട്ടയം ജില്ലയാണ് സംഘത്തിന്റെ ആസ്ഥാനം. അംഗങ്ങളായ സാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിക്കുകയും മറ്റ് സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും കൃതികളുടെ വിതരണവും വില്പനയും സംഘം നടത്തുന്നുണ്ട്. ടി പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വിറ്റഴിക്കുന്നതിന് സംഘത്തിന്റെ വിപണന വിഭാഗമായ നാഷണൽ ബുക്ക് സ്റ്റാൾ വഴിയാണ്.

കേരളസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യപ്രവർത്തക സഹകരണ സംഘം നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയാണ് 'അക്ഷരംമ്യൂസിയം' - Museum of Letter, Literature & Culture. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്തുള്ള സ്ഥലത്താണ് മ്യൂസിയം നിർമ്മിക്കുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിന് 03.06.2020-ൽ അനുമതി നൽകി. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് വിഭാവനം ചെയ്യുന്ന 'അക്ഷരം മ്യൂസിയം' ഇരുപത്തി അയ്യായിരം ചതുരശ്ര അടിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം പൂർണ്ണമായും പരിസ്ഥിതി സൗഹാർദ്ദപരവും ഭിന്നശേഷി സൗഹാർദ്ദപരവുമായിരിക്കും. അന്തർദ്ദേശീയ നിലവാരത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് മ്യൂസിയം നിർമ്മിക്കുന്നത്. നാലുഘട്ടങ്ങളിലായാണ് 'അക്ഷരം മ്യൂസിയം' പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. അക്ഷരനഗരിയായ കോട്ടയത്തെ അക്ഷരടൂറിസം ഹബ്ബ് ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സി.എം.എസ് കോളേജ്, സി.എം.എസ്. പ്രസ്സ്, മാന്നാനം പ്രസ്സ്, ദീപിക, മലയാള മനോരമ, ദേവലോകം അരമന, പഴയസെമിനാരി, താഴത്തങ്ങാടി, അവിടുത്തെ ജുമാമസ്ജിദ്, പനച്ചിക്കാട് ദക്ഷിണ മൂകാംബികാക്ഷേത്രം സ്ഥലങ്ങളെ കൂട്ടിയോജിപ്പിച്ചു കൊണ്ട് 'അക്ഷരം മ്യൂസിയം' കേന്ദ്രീകരിച്ച് ഒരു ടൂറിസം സർക്യൂട്ടും ഈ പദ്ധതിയോടനുബന്ധിച്ച് വിഭാവനം ചെയ്യുന്നു. ഒന്നാംഘട്ടം - 'വരയിൽനിന്ന് ശ്രേഷ്ഠതയിലേക്ക്'.

രണ്ടാംഘട്ടം - 'കവിത'. മൂന്നാംഘട്ടം - 'ഗദ്യസാഹിത്യം'. നാലാംഘട്ടം - 'വൈജ്ഞാനികസാഹിത്യം' എന്നിവയാണ്. ഒമ്പതരക്കോടി രൂപയാണ് ഒന്നാംഘട്ടത്തിന്റെ പദ്ധതി അടങ്കൽ തുക. 25.02.2022-ന് സഹകരണവകുപ്പ് മന്ത്രി ഇന്ത്യാപ്രസ്സ് കോമ്പൗണ്ടിൽ ടി കെട്ടിടത്തിന്റെ തറകല്ലിടൽ കർമ്മം നിർവ്വഹിച്ചു. മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ULCCS (ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണസംഘം) ആണ് നിർമ്മാണ പ്രവർത്തികൾ നടത്തുന്നത്. മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികളുടെയും കേരള മ്യൂസിയത്തിന്റെയും മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

**<u>സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)</u>**

കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ളതാണ് ടി പദ്ധതി. കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉൽപ്പാദനത്തിലും, സംഭരണത്തിനും വിപണനത്തിനുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നതു മുതൽ വിപണനം നടത്തുന്നതു വരെയുള്ള എല്ലാ പ്രവർത്തികളെയും പരിപോഷിപ്പിച്ച് നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഉൾപ്പെടുത്തി 20 സഹകരണസംഘങ്ങൾക്ക് 848.50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**<u>സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം</u>**

ഉത്പന്നങ്ങളുടെ ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. സഹകരണ ഉൽപന്നങ്ങളുടെ സംഭരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിൽ ഏർപ്പെടുന്ന തരത്തിലുള്ള സംഘങ്ങൾക്കാണ് ടി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ നിന്നും 50.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**<u>സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണവും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും</u>**

സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണവും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും പദ്ധതിയിൽ ഉൾപ്പെടുത്തി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെയും ഐടി ഓഡിറ്റ് സെല്ലിന്റെയും രൂപീകരണം, ടീം ഓഡിറ്റിനായി ലാപ് ടോപ്പുകൾ വാങ്ങൽ, ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് പരിശീലനം, സംസ്ഥാനത്തുടനീളമുള്ള ഓഡിറ്റ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, ഓഡിറ്റ് ഓഫീസുകൾക്കായി വാഹനങ്ങൾ വാടകയ്ക്കെടുക്കൽ / കരാറിലെടുക്കൽ, ഓഡിറ്റ് ഡയറക്ടർക്കായുള്ള വാഹനം വാങ്ങൽ എന്നീ വിവിധ ഘടകങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>സഹകരണ പരീക്ഷാബോർഡിനുള്ള ധനസഹായം</u>**

ടി പദ്ധതിയിലൂടെ സഹകരണ പരീക്ഷാ ബോർഡിൽ ഒറ്റത്തവണ രജിസ്ട്രേഷൻ, ഡിജിറ്റൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ തുടങ്ങിയവ ഏർപ്പെടുത്തി സഹകരണ പരീക്ഷാ ബോർഡിന്റെ നിയമന രീതി നവീകരിക്കുന്നതിനും മറ്റുമായി 2024-25 സാമ്പത്തിക വർഷത്തിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**<u>കേരള സഹകരണ സംരക്ഷണ നിധി</u>**

നല്ല നിർദ്ദേശങ്ങളുടേയും പദ്ധതികളുടെയും അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ

| | | | |
|---|---|---|---|
| | | | ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരധിവാസം എന്നിവയ്ക്കായി ആരംഭിച്ചിട്ടുള്ള ടി പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷം ആകെ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ പങ്കാളിത്തം സഹകരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് ഈ സർക്കാരിന്റെ രണ്ടാം ഘട്ട 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഒരു ജില്ലയിൽ ഒന്നു വീതം, 14 പട്ടിക ജാതി പട്ടിക വർഗ്ഗ യുവ ജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടിക ജാതി-പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനും സാമ്പത്തിക സ്വയം പര്യാപ്തതയ്ക്കുമായി പുനർജനി പദ്ധതി 2022-23 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പ്രോജക്ട് തുകയുടെ 50% സബ്സിഡിയായും, 35% ഓഹരിയായും സർക്കാർ ധനസഹായം സംഘങ്ങൾക്ക് നൽകുന്നു. ഈ പദ്ധതിയിൽ ഇതുവരെ 25 പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി രൂപീകരിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി 18.04.2023 ന് സ.ഉ.(സാധാ)നം.234/2023/ സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കുടുംബത്തിനൊരു കരുതൽ ധനം എന്ന നിക്ഷേപ പദ്ധതിയ്ക്ക് തത്വത്തിൽ അനുമതി നൽകി 05.05.2023 ന് സ.ഉ.(സാധാ)നം.260/2023/Co-op നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അശരണരായവർക്കുള്ള ആശ്വാസനിധി സ്കീം കാലോചിതമായി പരിഷ്കരിച്ച് 18.02.2022 ന് സ.ഉ. |

| | | | |
|---|---|---|---|
| | | | (സാധാ)നം. 80/2022/സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരിശോധനകളും വിലയിരുത്തലും കേരള ബാങ്ക് നടത്തി വരുന്നു. കേരളാ ബാങ്ക് രൂപീകരിച്ചിട്ടുള്ള താലൂക്ക് തല/ ജില്ലാ തല PACS അഡ്വൈസറി കമ്മറ്റികൾ പ്രവർത്തനം വിലയിരുത്തി ആവശ്യം വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി വരുന്നു. |
| (ഡി) | സംസ്ഥാന സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | 1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം വകുപ്പ് 57(ബി) പ്രകാരം രൂപീകൃതമായതാണ് സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്. സർക്കാരിന്റെ 22.09.2018 ലെ ജി.ഒ(പി) 116/2018/ സഹ നമ്പർ പ്രകാരം ടി സ്കീം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ എല്ലാം നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭരണ നിയന്ത്രണം ബോർഡിൽ നിക്ഷിപ്തമാണ്. സർക്കാരിന്റെ 06.07.2023 ലെ സ.ഉ(അച്ചടി) നം.161/2023/സഹ നമ്പർ ഉത്തരവ് പ്രകാരം ലിക്യുഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി നൽകുന്ന തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതാണ്.<br><br>**കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി**<br><br>വ്യക്തമായ ലക്ഷ്യത്തോടെ രൂപീകരിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം സമൂഹത്തിന് ഉപകരിക്കുകയും നിക്ഷേപകർക്ക് നഷ്ടം വരികയും ചെയ്യാതെ ഫലപ്രദമായി വിനിയോഗിക്കേണ്ടത് ആവശ്യമാണ്. പ്രവർത്തന ക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തനസാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങൾ നേടുകയും ചെയ്യുന്നതിനായി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുന്നതിന് സർക്കാർ 18.04.2023 ന് സ.ഉ.(സാധാ)നം.234/2023/സഹ നമ്പർ ഉത്തരവ് പ്രകാരം തത്വത്തിൽ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ